## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.123 | 4.12.2015-ൽ മറുപടിക്ക്

## നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. കെ. മുരളീധരൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി) |
| എ) നഗരങ്ങളിലെ കടകൾക്ക് ട്രേഡ് ലൈസൻസ് നൽകാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | എ) ഉണ്ട് |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കഴിഞ്ഞ കുറെ വർഷങ്ങളായി നാമമാത്രമായ തുകയാണ് ലൈസൻസ് ഫീസിനത്തിൽ നഗരസഭകൾ ഈടാക്കി വരുന്നത്. ഫീസ് ചുമത്തുന്നതിന് ഏകീകരണമില്ലായിരുന്നു. ഒരേ സ്വഭാവമുള്ള കടകൾക്ക് അടുത്തടുത്ത നഗരസഭകളിൽ വ്യത്യസ്തമായ ഫീസ് ഈടാക്കുന്ന സ്ഥിതിവിശേഷമാണ് നിലനിന്നിരുന്നത്. കടകളിലെ ഒരോ ഇനത്തിനും പ്രത്യേകം പ്രത്യേകം ഫീസ് കണക്കാക്കി ലൈസൻസ് നൽകുന്ന രീതിയും നിലവിലുണ്ടായിരുന്നു. മാത്രമല്ല പാൽ, കർപ്പൂരം, മെഴുകുതിരി, കശുവണ്ടി തുടങ്ങിയവ വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾക്കും പടക്ക നിർമ്മാണ ശാലകൾ ഉൾപ്പടെയുള്ളവയ്ക്കും ഡെയ്ഞ്ചറസ് ആന്റ് ഒഫൻസീവ് ലൈസൻസ് എന്ന പേരിലാണ് ലൈസൻസ് നൽകി വന്നത്. ഫീസ് നിരക്കിലെ അശാസ്ത്രീയതയും പേരിലെ വൈരുദ്ധ്യവും ആക്ഷേപങ്ങൾക്ക് വഴിയൊരുക്കി. ഇത്തരമൊരു സാഹചര്യത്തിലാണ് പുതിയ ചട്ടങ്ങൾ ആവിഷ്ക്കരിക്കുന്നതിനായി കേരള മുനിസിപ്പാലിറ്റി ആക്ട് 447,448 വകുപ്പുകൾ ഭേദഗതി ചെയ്തത്. ഇതനുസരിച്ചുള്ള ചട്ടങ്ങൾ ഉണ്ടാക്കി വരുന്നത്. |
| സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) ഇതിലേക്കായി കേരള മുനിസിപ്പാലിറ്റി ആക്ടിലെ 447, 448 വകുപ്പുകളിൽ ആവശ്യമായ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇതനുസരിച്ച് ചട്ടങ്ങൾ പുറപ്പെടുവിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ